## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6273** **07.11.2016 ൽ മറുപടിയ്ക്ക്**

**വാഹനങ്ങളുടെ ലൈറ്റുകൾ, ഹോണുകൾ എന്നിവയുടെ തീവ്രതയളക്കുന്നതിന് സംവിധാനം**

| ചോദ്യം<br>ശ്രീ.സി.ദിവാകരൻ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.വി.ആർ.സുനിൽകുമാർ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | രാത്രികാലങ്ങളിൽ വാഹനങ്ങളുടെ ഹെഡ് ലൈറ്റിൽ നിന്നു വരുന്ന അമിത പ്രകാശവും അവ ഡിം ചെയ്യുന്നതിലുള്ള ഡ്രൈവർമാരുടെ അശ്രദ്ധയുംമൂലം ധാരാളം അപകടം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വാഹനങ്ങളുടെ ലൈറ്റുകൾ, ഹോണുകൾ എന്നിവയുടെ തീവ്രതയളക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ; ഇത്തരത്തിൽ തീവ്രതയളന്ന് നിയമലംഘകരെ കണ്ടെത്തി പിഴയീടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | ഹോണുകളുടെ തീവ്രത അളക്കുന്നതിനായി സൗണ്ട് ലെവൽ മീറ്റർ ഉപയോഗപ്പെടുത്താറുണ്ട്. ലൈറ്റുകളുടെ തീവ്രത അളക്കുന്നതിനായി ലക്സ് മീറ്റർ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മേൽപ്പറഞ്ഞ ഉപകരണങ്ങളുടെ അഭാവം ഉണ്ടെങ്കിൽ പോലും അനധികൃത ലൈറ്റുകളുടെയും ഹോണുകളുടെയും ഉപയോഗത്തിനെതിരെ മോട്ടോർ വാഹന വകുപ്പ് കർശനപരിശോധന നടത്തുകയും പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ഇത്തരത്തിലുള്ള ലൈറ്റുകളും ഹോണുകളും ഘടിപ്പിച്ചിട്ടുള്ളത് എടുത്തു മാറ്റുന്നതിനുള്ള നിർദ്ദേശവും നൽകാറുണ്ട്. |
| (സി) | രാത്രികാലങ്ങളിൽ അമിതപ്രകാശമുള്ളതും നിയമവിരുദ്ധവും വിവിധ നിറങ്ങളിലുള്ളതുമായ ബൾബുകൾ വാഹന ഉടമകൾ കൂടുതൽ ഉപയോഗിക്കുന്നത് തടയുന്നതിന് മോട്ടോർ വാഹന വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | അമിതപ്രകാശമുള്ളതും നിയമവിരുദ്ധവുമായ ലൈറ്റുകളുടെ ഉപയോഗം തടയുന്നതിന് മോട്ടോർ വാഹന വകുപ്പ് രാത്രികാല ചെക്കിംഗുകൾ നടത്താറുണ്ട്. ഇതു കൂടാതെ വാഹനം രജിസ്റ്റർ ചെയ്യുന്ന സമയത്തും സി.എഫ്. ടെസ്റ്റ് സമയത്തും നിയമപ്രകാരമുള്ള ലൈറ്റുകളാണ് ഉപയോഗിക്കുന്നത് എന്ന് ഉറപ്പുവരുത്താറുണ്ട്. |

സെക്ഷൻ ഓഫീസർ